12. തിരുവനന്തപുരം വൈദ്യുതിഭവന്റെ മേൽക്കൂരയിൽ 30 KWP സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് 0.4 കോടി രൂപ ചെലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കാറ്റിൽ നിന്നുള്ള വൈദ്യുതി പദ്ധതികൾക്ക് മരണാനന്തരമതി നൽകിയിട്ടില്ല

(എഫ്) മേല്പറഞ്ഞ പത്ത് ജലവൈദ്യുത പദ്ധതികൾക്കും കേന്ദ്രസഹായം പ്രസ്തുത കാലയളവിൽ ലഭിച്ചിട്ടില്ല.

എന്നാൽ 2011-15 കാലയളവിൽ 885 ലക്ഷം രൂപ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നടത്തിപ്പിനായി MNRE (Ministry of New and Renewable Energy)യുടെ ധനസഹായം ലഭിച്ചു. ഇക്കാലയളവിൽ 40 ലക്ഷം രൂപ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ Detailed Project Report (DPR) തയ്യാറാക്കുന്നതിനും MNRE-യുടെ ധനസഹായം ലഭിച്ചിട്ടുണ്ട്.

(ജി) ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിലെ രണ്ടാം നമ്പർ ജനറേറ്റർ 21-4-2012-ലും മൂന്നാം നമ്പർ ജനറേറ്റർ 8-11-2011 -ലും കേടായി.

കേടായ രണ്ട് ഡീസൽ ജനറേറ്ററുകൾക്കുപകരം വാതകാധിഷ്ഠിത ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടെൻഡർ വിളിച്ച് M/s. Wartsila എന്ന കമ്പനിക്ക് ലെറ്റർ ഓഫ് അവാർഡ് 3-6-2015-ൽ നൽകിയിട്ടുണ്ട്. സമ്മതപത്രം ഉടൻതന്നെ കോൺട്രാക്ടിംഗ് കമ്പനിയുമായി ഒപ്പുവയ്ക്കുന്നതാണ്.

മേല്പറഞ്ഞ പ്രവൃത്തിക്ക് ഇതുവരെ തുക വിനിയോഗിച്ചിട്ടില്ല.

വൈദ്യുതി വിതരണ കേന്ദ്രങ്ങളിലെ കേടുപാടുകൾ/പൊട്ടിത്തെറികൾ ഒഴിവാക്കൽ

35 (4617) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണ കേന്ദ്രങ്ങളിൽ കേടുപാടുകൾ, പൊട്ടിത്തെറികൾ എന്നിവ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ കേടുപാടുകൾ പൊട്ടിത്തെറികൾ എന്നിവ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) വൈദ്യുതി വിതരണ കേന്ദ്രങ്ങളിൽ കേടുപാടുകൾ, പൊട്ടിത്തെറികൾ എന്നിവ ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. മിന്നൽ, ശക്തമായ കാറ്റ്, മഴ എന്നിവമൂലമോ ഉപകരണങ്ങൾക്ക് വരുന്ന കേടുപാടുകൾമൂലമോ വൈദ്യുതി വിതരണ കേന്ദ്രത്തിൽ കേടുപാടുകൾ/ പൊട്ടിത്തെറികൾ എന്നിവ ഉണ്ടാകാറുണ്ട്.

പ്രസരണ വിഭാഗത്തിൽ സബ്സ്റ്റേഷനിലുള്ള ട്രാൻസ്ഫോർമർ, കറന്റ് ട്രാൻസ്ഫോർമർ, ലൈറ്റനിംഗ് അറസ്റ്റർ, ബ്രേക്കർ, ഇൻസുലേറ്ററുകൾ മുതലായ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കാറുണ്ട്. എന്നാൽ പൊട്ടിത്തെറി പോലെയുള്ള അപകടങ്ങൾ വളരെ വിരളമായി മാത്രമേ സംഭവിക്കാറുള്ളൂ.

ജനറേറ്റിംഗ് സ്റ്റേഷനുകളിലെയും അനുബന്ധ സബ്സ്റ്റേഷനുകളിലെയും പ്രധാനപ്പെട്ട ഉപകരണങ്ങളായ ടർബൈൻ, ജനറേറ്ററുകൾ, ട്രാൻസ്ഫോർമറുകൾ, അനുബന്ധ സ്വിച്ച് ഗിയർ ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ അവയുടെ നിർമ്മാതാക്കൾ അനുശാസിക്കും പ്രകാരം കൃത്യമായ കാലയളവിൽ മുടക്കം വരാതെ ചെയ്തു വരുന്നുണ്ടെങ്കിലും അപൂർവ്വമായി കേടുപാടുകളും പൊട്ടിത്തെറികളും സംഭവിക്കാറുണ്ട്. മൂലമറ്റം പവർഹൗസിൽ 28-4-2015-ൽ ഒരു 220 കെ.വി. സർക്യൂട്ട് ബ്രേക്കറിന്റെ ഒരു ഭാഗം പൊട്ടിത്തെറിച്ചിരുന്നു.

(ബി) ഉപകരണങ്ങളുടെ കാലപ്പഴക്കം, ഇടിമിന്നൽമൂലമുണ്ടാകുന്ന വൈദ്യുതാഘാതം, വോൾട്ടേജിലുണ്ടാകുന്ന അപ്രതീക്ഷിത വ്യതിയാനങ്ങൾ, സുരക്ഷാ ഉപകരണങ്ങളുടെ പ്രവർത്തനത്തിലുണ്ടാകുന്ന വീഴ്ച തുടങ്ങിയവ അപകടങ്ങൾക്ക് കാരണമാകാറുണ്ട്.

(സി) വൈദ്യുതി വിതരണ ശൃംഖലയിൽ ചേർന്നുനിൽക്കുന്നതും ലൈനിലേക്ക് വീഴാൻ സാധ്യതയുള്ളതുമായ മരച്ചില്ലകൾ സമയാസമയങ്ങളിൽ വെട്ടിമാറ്റിയും വൈദ്യുതി വിതരണ ശൃംഖലയിലെയും വൈദ്യുതി വിതരണ കേന്ദ്രങ്ങളിലെയും ഉപകരണങ്ങൾ സമയോചിതമായി അറ്റകുറ്റപ്പണികൾ നടത്തിയും ആവശ്യമായ എർത്തിംഗ് നടത്തിയും വൈദ്യുതി വിതരണ കേന്ദ്രത്തിലെ കേടുപാടുകൾ/ പൊട്ടിത്തെറികൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

കാലപ്പഴക്കംചെന്ന ഉപകരണങ്ങൾ ഘട്ടംഘട്ടമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ സമയബന്ധിതമായി പരിശോധന നടത്തി മാറ്റിസ്ഥാപിക്കേണ്ടതായ ഭാഗങ്ങളുണ്ടെങ്കിൽ മാറ്റിസ്ഥാപിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ അപകടം സംഭവിക്കുമ്പോഴും അവയുടെ യഥാർത്ഥകാരണം കണ്ടെത്തി വിശദമായി അവലോകനം ചെയ്യുകയും ഭാവിയിൽ ഇത്തരം അപകടങ്ങളുണ്ടാകാതിരിക്കുന്നതിന് വേണ്ടുന്ന മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്യുവരുന്നു. കൂടാതെ ഓരോ ഉപകരണങ്ങളുടെയും നിർമ്മാതാക്കൾ അനുശാസിക്കുന്നരീതിയിലുള്ള അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്യുവരുന്നു. ഉപകരണങ്ങളുടെ പരിശോധനകൾക്കുവേണ്ടി മാത്രമായി മൂലമറ്റത്ത് പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ മോണിറ്ററിംഗ് ഡിവിഷന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കാലപ്പഴക്കംചെന്ന ഉപകരണങ്ങൾ ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്ന ജോലികളും നടന്നുവരുന്നു.

വൈദ്യുതി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പദ്ധതികൾ

36 (4618) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പുതുതായി എത്തെല്ലാം പദ്ധതികൾ കെ.എസ്.ഇ.ബി.-യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിയെന്ന് വിവരിക്കാമോ ; ഇതിനായി ഓരോവർഷവും നീക്കിവച്ച തുകയെത്രയെന്നും അതിലുണ്ടായ ചെലവെത്രയെന്നും വിവരിക്കാമോ ?

ഉത്തരം

റാന്നി-പെരിനാട് (4MW) പീച്ചി (1.25 MW), വിലങ്ങാട് (7.5 MW), ചിമ്മിണി (2.5 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ശബരിഗിരി പദ്ധതിയിലെ നാലാമത്തെ യൂണിറ്റിന്റെ പുനർനിർമ്മാണം പൂർത്തിയാക്കി 5 MW കൂടുതൽ ഉല്പാദശേഷി കൈവരിച്ചു. പൊരിങ്ങൽകുത്ത് പദ്ധതിയിലെ നാലുയൂണിറ്റുകളുടെയും നവീകരണം പൂർത്തിയാക്കി മൊത്തം 4 MW അധിക ഉല്പാദനശേഷി കൈവരിച്ചു. ആഢ്യൻപാറ പദ്ധതി (3.5 MW) പൂർത്തിയായി. 8 കോടി രൂപ ചെലവിൽ കണ്ണിരക്കോട് 220 KV Substation പരിസരത്ത് സ്ഥാപിക്കുന്ന 1 MW ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് പദ്ധതി 2015 ജൂലൈ മാസത്തിൽ പൂർത്തീകരിക്കുന്നതാണ്. പാലക്കാട് അഗളി-ചാലയൂർ ടൈബൽ കോളനിയിൽ 96KW ശേഷിയുള്ള 110 ലക്ഷം രൂപയുടെ സൗരോർജ്ജ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ആറു മാസത്തിനുള്ളിൽ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly